"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം- ശ്രീ.രംജീഷ്.ആർ.എസ്.(പെൻ-869972)-ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം - ദീർഘിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2061/2026/LSGD തീയതി,തിരുവനന്തപുരം, 01-11-2026

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ (DE)-യുടെ 08.10.2026-ലെ LSGD/PD/8101/2026-DEH5 നമ്പർ നടപടിക്രമം.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.10.2026-ലെ LSGD/PD/8101/2026-DEH5 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ , ശ്രീ.രംജീഷ്.ആർ.എസ്-ന്റെ(പെൻ-869972) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിയ്ക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചു. ശ്രീ.രംജീഷ്.ആർ.എസ്., 06.08.2019 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ചെന്നും; നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന്, നിർദ്ദിഷ്ട വകുപ്പുതല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന, ടിയാൾ യഥാസമയം പാലിച്ചിട്ടില്ലെന്നും, ടിയാൾ പാസ്സായിട്ടുള്ള നിർബന്ധിത വകുപ്പുതല പരീക്ഷ ഉൾപ്പെടുന്ന ശ്രേണിയിലെ അവസാന പരീക്ഷ നടന്നിട്ടുള്ളത് 13.11.2022 തീയതിയിലാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പ്രൊബേഷന് പരിഗണിക്കാത്ത അവധികൾ നിരീക്ഷണ കാലയളവിൽ ടിയാൾ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ടിയാളുടെ നിരീക്ഷണ കാലയളവ്, 06.08.2021 മുതൽ 05.08.2022 വരെ ഒരു വർഷക്കാലയളവിലേയ്ക്കു പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകി. നിരീക്ഷണ കാലയളവിൽ ടിയാളുടെ സേവനവും സ്വഭാവവും തൃപ്തികരമാണെന്നും, ടിയാൾക്കെതിരെ വിജിലൻസ് നടപടികളോ അച്ചടക്കനടപടികളോ നിലവിലില്ലെന്നും ടിയാന്റെ പ്രോബേഷൻ

കാലയളവ് **14.11.2022**-ൽ പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിലേയ്ക്കായി **06.08.2022** മുതൽ **15.11.2022** വരെയുള്ള ടിയാന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് ശിപാർശ ചെയ്ത് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(2)** പ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം **(2)**-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ.രംജീഷ്.ആർ.എസ്-ന്റെ(പെൻ-**869972)** അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം **14.11.2022** പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം, ടിയാളുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, **1958**-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം **II**, ചട്ടം **21** പ്രകാരം, **06.08.2022** മുതൽ **15.11.2022** വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ.രംജീഷ്.ആർ.എസ്.(പെൻ-**869972**), അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് **(EWB2/341/2026-LSGD)**

ഉത്തരവിൻ പ്രകാരം
Digitally signed by
Keerthi I P
Date: 02-11-2026
08:38:25
സെക്ഷൻ ഓഫീസർ